**പതിനാറാം കേരള നിയമസഭ**

**ഒന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1369** **30-06-2026-ൽ മറുപടിയ്ക്ക്**

**<u>കൊച്ചി മേഖലകളിലെ യാത്രാക്ലേശം പരിഹരിക്കൽ</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>** **<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീ. മുഹമ്മദ് ഷിയാസ്

ശ്രീ. സി. പി. ജോൺ
(ഗതാഗത വകുപ്പ് മന്ത്രി)

**(എ)** കൊച്ചി മണ്ഡലത്തിലെ തീരദേശവാസികളുടെ യാത്രാക്ലേശം പരിഹരിക്കുന്നതിനായി ചെല്ലാനത്തെയും ഫോർട്ട്കൊച്ചിയെയും ബന്ധിപ്പിച്ചുകൊണ്ട് നേരിട്ടുള്ള പുതിയ ബസ് സർവീസുകൾ ആരംഭിക്കാൻ കെ.എസ്.ആർ.ടി.സി അടിയന്തര നടപടി സ്വീകരിക്കുമോ;

**<u>മറുപടി:</u>** എറണാകുളം യൂണിറ്റിൽ നിന്നും കൊച്ചി മണ്ഡലത്തിലെ ചെല്ലാനം പ്രദേശത്തേയ്ക്ക് നിലവിൽ 2 ട്രിപ്പുകൾ പ്രതിദിനം കെ.എസ്.ആർ.ടി.സി. ഓപ്പറേറ്റ് ചെയ്തുവരുന്നുണ്ട്. കൂടുതൽ സർവീസുകൾ തീരദേശ മേഖലകളിലൂടെ ആരംഭിക്കുന്നത് സംബന്ധിച്ച ആവശ്യം സാധ്യതാപഠനം നടത്തി റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പരിശോധിക്കുന്നതാണ്. കൂടാതെ, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുമായി സഹകരിച്ച് ഗ്രാമവണ്ടി പദ്ധതി പ്രകാരം സർവ്വീസ് ആരംഭിക്കുന്ന കാര്യവും പരിശോധിക്കുന്നതാണ്.

**(ബി)** ചെല്ലാനം - കുമ്പളങ്ങി - എറണാകുളം സിറ്റി വഴി കാക്കനാട് റൂട്ടിലും, കൂടാതെ ഫോർട്ട്കൊച്ചി - എറണാകുളം റൂട്ടിലും പുതിയ കെ.എസ്.ആർ.ടി.സി പ്രിയദർശിനി ബസ് സർവീസുകൾ അടിയന്തരമായി ആരംഭിക്കാൻ നടപടി സ്വീകരിക്കുമോ?

**<u>മറുപടി:</u>** മുൻ ഖണ്ഡികയിലെ ഉത്തരം

**സെക്ഷൻ ഓഫീസർ**